LIBRARY ARCHIVES Kerala Legislative Assembly

അഴിമതി തടയാൻ പദ്ധതി

102(5689) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വർക്കല കഹാർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതി ജനപങ്കാളിത്തത്തോടെ ഇല്ലാതാക്കാനും അഴിമതിയുടെ സാധ്യതകൾ കണ്ടെത്തി തടയുവാനും ആഭ്യന്തര വകുപ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നതെന്ന് അറിയിക്കാമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) പ്രസ്തുത വിഷയം സംബന്ധിച്ച് വിജിലൻസ് വകുപ്പ് " വിജിലന്റ് കേരള " എന്ന പേരിൽ ഒരു പദ്ധതി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിലൂടെ നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഓരോ ഗ്രാമവും 100% അഴിമതിരഹിതമാക്കാനും അതിലൂടെ കേരളം മുഴുവനും അഴിമതിരഹിതമാക്കാനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

(സി) 2014 ആഗസ്റ്റ് മുതൽ പൈലറ്റ് പ്രോജക്ടായി എറണാകുളം മുതൽ വടക്കോട്ടുള്ള എട്ടുജില്ലകളിൽ നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം 9-7-2015-ലാണ് നടന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള ഭരണതലത്തിലെ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

പോലീസ് സേനയുടെ ശാക്തീകരണം

103(5690) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയെ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) പോലീസ് സേനയിലെ ക്രിമിനലുകളെ ഒഴിവാക്കി കേരള പോലീസിനെ ഏറ്റവും മികച്ച പോലീസ് സേനയായി മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പോലീസിലെ സൈബർ സെല്ലിന്റെ പ്രവർത്തനം ഏറ്റവും മികച്ച നിലയിൽ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര സഹായത്തോടുകൂടി നടപ്പിൽ വരുത്തുന്ന മോഡേണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് പദ്ധതിയിൽ താഴെപറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

നോൺ പ്ലാൻ ഇനം :

1. ബുള്ളറ്റ് പ്രൂഫ്, മൈൻപ്രൂഫ് അടക്കമുള്ള വാഹനങ്ങൾ വാങ്ങുന്നത്

2. ആയുധങ്ങൾ വാങ്ങുന്നത്

3. വാർത്താ വിനിമയ ഉപകരണങ്ങൾ വാങ്ങുന്നത്

4. പരിശീലന സംവിധാനങ്ങളുടെ നിലവാരം ഉയർത്തുന്നത്

5. ഫോറൻസിക് സയൻസ് ലബോറട്ടറിയുടെയും ഫിംഗർ പ്രിന്റ് ബ്യൂറോയുടെയും നിലവാരം ഉയർത്തുന്നത്

6. സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നത്

പ്ലാൻ ഇനം :

1. വാസയോഗ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നത്

2. മറ്റ് ഉദ്ദേശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നത് 2000-01 മുതൽ നടപ്പിൽ വരുത്തിയ ടി പദ്ധതിയിൽ മേൽ പ്രസ്താവിച്ചിട്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി ഏകദേശം 69,843.29 ലക്ഷം രൂപ (കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ അടക്കം) ചെലവഴിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപറയുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. പോലീസ് വകുപ്പിന്റെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നത്

2. സൈബർ കുറ്റാന്വേഷണ വിഭാഗത്തെ സാങ്കേതികമായി ഉയർത്തുന്നത്

3. കുറ്റാന്വേഷണ വിഭാഗത്തിന്റെ നിലവാരം ഉയർത്തുന്നത്

4. ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനം ശക്തിപ്പെടുത്തുന്നത്

LIBRARY ARCHIVES Kerala Legislative Assembly

5. പോലീസ് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നത്

6. ജനമൈത്രി സുരക്ഷാ പദ്ധതി

7. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ട്

മേൽപ്പറഞ്ഞത് കൂടാതെ കേരളാ പോലീസ് അക്കാഡമി നടത്തിവരുന്ന വിവിധയിനം Indoor, Outdoor പരിശീലന പദ്ധതികൾ, പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പോലീസ് യൂണിവേഴ്സിറ്റി, ആധുനിക ഐ.റ്റി. അധിഷ്ഠിതമായ വാർത്താ വിനിമയ സംവിധാനങ്ങൾ, മാവോയിസ്റ്റുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി പുതിയ പോലീസ് സേനാ സംവിധാനങ്ങൾ എന്നിവയിലൂടെ സംസ്ഥാന പോലീസിനെ ശക്തിപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പോലീസ് സേനയിൽ ക്രിമിനൽ കേസുകളിൽ പ്രതിയായവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയും KPDIP Rule പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിച്ചും പോലീസ് ഉദ്യോഗസ്ഥർക്ക് മികച്ച പരിശീലന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയും കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് അവാർഡുകൾ ഏർപ്പെടുത്തിയും പോലീസ് സേനയെ ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച പോലീസ് സംവിധാനമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആധുനിക സാങ്കേതിക ഉപകരണങ്ങളുടേയും അവയുടെ പ്രയോഗത്തിൽ പ്രാവീണ്യമുള്ള വിദഗ്ധരായ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തിയും സൈബർ സെല്ലുകൾ മികച്ച രീതിയിൽ പ്രവർത്തനം നടത്തി വരുന്നു. സൈബർ സെല്ലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്, വിവിധ ഭാഗങ്ങളിലായി 133 തസ്തികകൾ സർക്കാർ ഉത്തരവ് നമ്പർ 194/2013/ആഭ്യന്തരം തീയതി 1-8-2013 പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്.

പോലീസ് സേനയിലെ വാഹനങ്ങൾ

104(5691) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് സേനയിൽ ഡ്രൈവർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly